## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2199** **26.03.2013 ലെ മറുപടിയ്ക്ക്**

## ഭാഗ്യക്കുറി വിറ്റുവരവ് കണക്ക്

| ചോദ്യം<br>ശ്രീമതി. കെ.എസ്. സലീഖ | | മറുപടി<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ടിക്കറ്റ് വിൽപ്പനയിലൂടെയുള്ള വിറ്റുവരവ് 2012-13 ൽ മാർച്ച് 15 വരെ എത്ര കോടി രൂപയായിരുന്നുവെന്നാണ് കണക്കാക്കുന്നത്; | (എ) | 2012-13 ൽ മാർച്ച് 15 വരെയുള്ള വകുപ്പിന്റെ ആകെ വിറ്റുവരവ് 2645.05 കോടി രൂപയാണ്. |
| (ബി) | 2011-12 ൽ ഇതേ കാലയളവിൽ എത്ര കോടി രൂപയായിരുന്നു വിറ്റുവരവ് ഇനത്തിൽ ലഭിച്ചത് ; വിശദമാക്കുമോ; | (ബി) | 2011-12 ൽ ഇതേ കാലയളവിൽ വിറ്റുവരവ് 1192.55 കോടി രൂപയാണ്. |
| (സി) | ഏറ്റവും കൂടുതൽ വിൽപ്പന നടന്നത് ഏത് ഭാഗ്യക്കുറിയിലൂടെയാണ്; എത്ര തുക ലഭിച്ചു; അറ്റാദായമായി ലഭിച്ച തുക എത്ര; വിശദമാക്കുമോ ; | (സി) | 2011-12 സാമ്പത്തിക വർഷത്തിൽ വിൻ-വിൻ പ്രതിവാര ഭാഗ്യക്കുറിയാണ് ഏറ്റവും കൂടുതൽ വിൽപ്പന നടന്നത്. ഇതിന്റെ വിൽപ്പനയിലൂടെ 352.79 കോടി രൂപ ലഭിച്ചു. 2011-12 സാമ്പത്തിക വർഷത്തിലെ മൊത്തം അറ്റാദായം 394.87 കോടി രൂപയാണ്.<br>2012-13 സാമ്പത്തിക വർഷത്തിൽ ഇതുവരെ ഭാഗ്യനിധി പ്രതിവാര ഭാഗ്യക്കുറിയാണ് ഏറ്റവും കൂടുതൽ വ ിൽപ്പന നടന്നത്. ഇതിന്റെ വിൽപ്പനയിലൂടെ 342.4 കോടി രൂപ ലഭിച്ചു. ബമ്പർ, കാരുണ്യ ഭാഗ്യക്കുറികൾക്ക് മാത്രമാണ് നിലവിൽ പ്രത്യേകമായി അറ്റാദായം കണക്കാക്കുന്നത്. |

| | |
|---|---|
| (ഡി) അന്യസംസ്ഥാന ലോട്ടറി കേസ്സുകൾ സി.ബി.ഐ പിൻവലിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) & (ഇ) ഉണ്ട്. അന്യ സംസ്ഥാന ലോട്ടറി ഇടപാടുമായി ബന്ധപ്പെട്ട് CBI രജിസ്റ്റർ ചെയ്തിട്ടുള്ള 32 കേസ്സുകളിൽ 20 കേസുകൾ എറണാകുളം C.J.M. കോടതി മുമ്പാകെ റഫർ ചാർജ്ജ് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് മോണിറ്ററിംഗ് പെറ്റിഷൻ കോടതി മുമ്പാകെ സമർപ്പിക്കുന്നതിനും, സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിനായി നികുതി വകുപ്പിലെ ജോയിന്റ് കമ്മിഷണറുൾപ്പെട്ട ഒരു കോ-ഓർഡിനേറ്റിംഗ് കമ്മിറ്റി ഇതിലേയ്ക്കായി രൂപീകരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഇ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കേസ്സുകൾ ഇത്തരത്തിൽ സി.ബി.ഐ പിൻവലിച്ചുവെന്ന് വ്യക്തമാക്കുമോ ; | |
| (എഫ്) നിരോധിത ലോട്ടറി ടിക്കറ്റുകളുടെ രഹസ്യ വിൽപ്പന തകൃതിയായി സംസ്ഥാനത്തിന്റെ പല ഭാഗത്തും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (എഫ്) നിരോധിത ലോട്ടറി ടിക്കറ്റുകളുടെ രഹസ്യ വിൽപന സംസ്ഥാനത്തു നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ്, വാണിജ്യനികുതി വകുപ്പ് എന്നിവയുമായി ചേർന്ന് അന്വേഷണവും പരിശോധനകളും നടത്തുകയും ഈ കൂട്ടായ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് അതതു ജില്ലാ കളക്ടർമാർ തലവൻമാരായി ജില്ലാതല മോണിറ്ററിംഗ് സെല്ലുകളും അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്) തലവനായി ഒരു സംസ്ഥാനതല മോണിറ്ററിംഗ് സെല്ലും രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനത്തിൽ സംസ്ഥാനത്തൊട്ടാകെ 51 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ.